5. എ.എസ്.എ.പി.(ASAP) പദ്ധതിയിലുള്ള കുട്ടികളുടെ ആൾട്ടർനേറ്റീവ് കമ്പ്യൂട്ടിങ്ങ് ഡിവൈസുകൾ വിശകലനം ചെയ്യുന്നതിനുള്ള പൈലറ്റ് പ്രോജക്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്നു.

6. സ്വതന്ത്ര ഹാർഡ് വെയർ ഉപയോഗിച്ച് വ്യവസായ മേഖലയിൽ പ്രാധാന്യം അർഹിക്കുന്ന റോബോട്ടിക്സ് വികസിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങളും പഠനങ്ങളും നടത്തിവരുന്നു.

7. ചെറുകിട ഇടത്തരം സംരംഭകർക്ക് വിവര വിനിമയ സാങ്കേതിക സഹായം നൽകുന്നതിന് സെമിനാറുകളും പഠനങ്ങളും നടത്തിവരുന്നുണ്ട്.

8. സ്വതന്ത്ര സോഫ്റ്റ്വെയർ പ്ലാറ്റ്ഫോമിലുള്ള മലയാള ഭാഷാവൽക്കരണം ത്വരിതപ്പെടുത്തിവരുന്നു.

9. എഞ്ചിനീയറിംഗ്/സാങ്കേതിക വിദ്യാ വിദ്യാർത്ഥികളുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിന് അതത് മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി വർക്ക്ഷോപ്പുകൾ, പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നുണ്ട്.

(ഡി) ഇല്ല.

സംസ്ഥാന സഹകരണ ബാങ്കിന് കാർഷിക പുനർവായ്പ

9 (*759) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിൽ നിന്ന് സംസ്ഥാന സഹകരണ ബാങ്കിന് 2013-14 വർഷം കാർഷിക വായ്പ ഇനത്തിൽ പുനർവായ്പ ലഭിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) ഈ വർഷം പുനർവായ്പ ലഭിക്കുന്നതിന് സർക്കാർ ഇടപെടൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് രീതിയിലുള്ള ഇടപെടലാണ് നടത്തിയിട്ടുള്ളതെന്നും ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെന്നും വ്യക്തമാക്കുമോ ;

(ഡി) കാർഷിക പുനർവായ്പ ലഭിക്കാത്തതു മൂലമുണ്ടാകുന്ന നഷ്ടം എന്തൊക്കെയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) ഇല്ല.

(ബി) പുനർവായ്പ ലഭ്യമാക്കുന്നതിന് നബാർഡ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലാണ് 2013-14 വർഷം പുനർവായ്പ ലഭിക്കാത്ത സാഹചര്യം ഉണ്ടായത്.

(സി) ഈ വർഷം പുനർവായ്പ ലഭിക്കുന്നതിന് സർക്കാർ ഇടപെടൽ നടത്തിയിട്ടില്ല. സംസ്ഥാന സഹകരണ ബാങ്കിന്റെ സ്വന്തം ഫണ്ടിൽനിന്ന് 1250 കോടി രൂപ ജില്ലാ സഹകരണ ബാങ്കുകൾക്ക് കാർഷിക വായ്പയുമായി അനുവദിച്ച് നൽകിയ സാഹചര്യത്തിലാണ് സർക്കാർ ഇടപെടൽ നടത്താതിരുന്നത്.

(ഡി) ഉയർന്ന പലിശയ്ക്ക് സംസ്ഥാന സഹകരണ ബാങ്ക് സമാഹരിച്ച ഫണ്ട് ജില്ലാ ബാങ്കുകൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കിയ ഇനത്തിലുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ നഷ്ടം 25 കോടിയോളം രൂപയാണ്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ്ടോപ്പ് പദ്ധതി

10 (*760) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ് ടോപ് നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഏതെല്ലാം തലത്തിലുള്ള വിദ്യാർത്ഥികളാണ് പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര പേർക്ക് അവ വിതരണം ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?